"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2022-23 അദ്ധ്യയന വർഷത്തിൽ അഞ്ചാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾക്കായി മലപ്പുറം, വള്ളുവമ്പ്രം എം.ഐ.സി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഇൻഡന്റ് പ്രകാരമുള്ള തുകയിൽ അധികമായി ട്രഷറിയിൽ ഒടുക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.1620/2024/GEDN തീയതി,തിരുവനന്തപുരം, 28-02-2024

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19.05.2022 - ലെ കത്ത് നമ്പർ സി/505/2022/ടി.ബി.ഒ.
2. 23.06.2022 - ലെ സർക്കാർ കത്ത് നമ്പർ.എം 2/177/2022/പൊ.വി.വ
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12.09.2023, 15.02.2024 എന്നീ തീയതികളിലെ കത്ത് നമ്പർ സി/505/2022/ടി.ബി.ഒ.

**ഉത്തരവ്**

2022 - 23 അദ്ധ്യയന വർഷത്തെ അഞ്ച് മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കായി മലപ്പുറം വള്ളുവമ്പ്രം എം.ഐ.സി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഇൻഡന്റ് പ്രകാരമുള്ള തുകയായ 28,888/- ( ഇരുപത്തി എട്ടായിരത്തി എണ്ണൂറ്റി എൺപത്തിഎട്ട് രൂപ മാത്രം) രൂപയ്ക്ക് പകരം 2,20,242/- (രണ്ട് ലക്ഷത്തി ഇരുപതിനായിരത്തി ഇരുനൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം) രൂപ മലപ്പുറം ജില്ലാ ട്രഷറിയിൽ "0202-01-102-95 Receipts on account of sale of Text Books"എന്ന ശീർഷകത്തിൽ ഒടുക്കിയിരുന്നു.

2. അധികമായി ഒടുക്കിയ തുകയായ 1,91,354/- {ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മൂന്നൂറ്റി അൻപത്തിനാല് രൂപ മാത്രം (220242-28888 =1,91,354)} രൂപ തിരികെ വള്ളുവമ്പ്രം എം.ഐ.സി. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന് അനുവദിച്ച് നല്കുന്നതിലേക്കായി പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സർക്കാർ ആയതിന് അനുവാദം നൽകിയിരുന്നു. എന്നാൽ ടി തുക BIMS - ൽ അനുവദിച്ചു നൽകുന്നതിനായി മലപ്പുറം ജില്ലാ ട്രഷറി ആഫീസർക്ക് അപേക്ഷ നൽകിയിരുന്നു എന്നും എന്നാൽ ബന്ധപ്പെട്ട ശീർഷകത്തിൽ BIMS - ൽ തുക ലഭ്യമാക്കുന്നതിനായി, റീഫണ്ട് ഓർഡർ (ഉത്തരവ്) പുറപ്പെടുവിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച റീഫണ്ട് ഓർഡർ സഹിതം അപേക്ഷ ട്രഷറിയിൽ സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ ട്രഷറി ഓഫീസർ ആവശ്യപ്പെട്ടിരുന്നതായും ആയതിനാൽ

ഇക്കാര്യത്തിൽ ഒരു റീഫണ്ട് ഓർഡർ പുറപ്പെടുവിക്കണമെന്നും പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം, വള്ളുവമ്പ്രം എം.ഐ.സി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ 2022 - 23 അദ്ധ്യയന വർഷത്തെ അഞ്ച് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കായി "0202-01-102-95 Receipts on account of sale of Text Books" എന്ന ശീർഷകത്തിൽ അധികമായി ഒടുക്കിയ തുകയായ 1,91,354/- രൂപ , ബന്ധപ്പെട്ട വൗച്ചറുകളും അനുബന്ധ രേഖകളും പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദമായി പരിശോധിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ, റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ) കേരള, തിരുവനന്തപുരം.

3. ജില്ലാ ട്രഷറി ഓഫീസർ , ജില്ലാ ട്രഷറി , മലപ്പുറം

4. ധനകാര്യ വകുപ്പ് {26.12.2023 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 2101063/EDN-A2/100/2022-FIN പ്രകാരം}

5. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി ആർ വകുപ്പ്

6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 28-02-2024 12:26:02

സെക്ഷൻ ഓഫീസർ